Unstarred Questions and Answers

ഡിപ്പാർട്ട്മെൻറ് മേലദ്ധ്യക്ഷന്മാർ

൭. (൨) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ കൊച്ചിയിൽ എത്ര ഡിപ്പാർട്ട്മെൻറ് മേലദ്ധ്യക്ഷന്മാർ ഉണ്ടെന്ന ദയവായി പറയുമോ;

(ബി) ഡിപ്പാർട്ട്മെൻറ് അദ്ധ്യക്ഷന്മാരെക്കുറിച്ച് താഴെ വിവരിക്കുന്ന ഒരു സ്റ്റേറ്റുമെൻറ് നൽകുമോ;

(൧) ഡിപ്പാർട്ട്മെൻറിൻെറ പേര്,
(൨) ഡിപ്പാർട്ട്മെൻറ് മേലദ്ധ്യക്ഷൻെറ പേരും, ഉദ്യോഗപ്പേരും,
(൩) സ്ഥിരം ഉദ്യോഗസ്ഥൻെറ പേരും ശമ്പളവും,
(൪) ആക്ടിങ്ങ് ഉദ്യോഗസ്ഥൻെറ പേരും ശമ്പളവും,
(൫) തസ്തികയ്ക്ക് കൂടുതലൊ കുറവോ ആയി പ്രത്യേക സ്കെയിൽ അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ പേര്;

(സ) അങ്ങനെ വ്യത്യാസം വരുത്തുവാനുള്ള പ്രത്യേക കാരണങ്ങൾ;

(സി) ഡിപ്പാർട്ട്മെൻറ് മേലദ്ധ്യക്ഷന്മാരുടെ ശമ്പളസ്കെയിൽ വ്യത്യാസം വരുവാനുള്ള പ്രത്യേക കാരണങ്ങൾ എന്തെല്ലാം?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ, ബി, സി) ചോദിച്ചിട്ടുള്ള എല്ലാ വിവരങ്ങളും പ്രമാനം പെയ്യത്തക്ക വിധത്തിലുള്ള ഒരു സിവിൽലിസ്റ്റ് ഉണ്ടാക്കുന്നതിനുവേണ്ടി നാളിതുവരെയുള്ള സകല സ്ഥിതിവിവരങ്ങളും ശേഖരിച്ചുവരികയാണ്.

ഡിപ്പാർട്ട്മെൻറദ്ധ്യക്ഷന്മാരുടെ ശമ്പളം

൮. (൩) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ കൊച്ചിയിലെ ഡിപ്പാർട്ട്മെൻറ് മേലദ്ധ്യക്ഷന്മാർ ആരെല്ലാം; അവർ ഏതേത സമുദായങ്ങളിൽപെട്ടവർ; അവരിൽ കൊച്ചി വിഭാഗത്തിൽ പെട്ടവരാരെല്ലാം;

(ബി) ൧൯൫൭ ജനുവരി ഒന്നാം തിയതി ഇവർ വഹിച്ചിരുന്ന ഉദ്യോഗങ്ങളും അന്നത്തെ ശമ്പള സ്കെയിലും എന്തെന്ന പറയുമോ;

(സി) ഇവരിൽ ഓരോരുത്തരുടേയും ൧൯൫൭ ജൂലൈയിലെ ശമ്പളവും ശമ്പളസ്കെയിലും എന്ത്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ, ബി, & സി) ആവശ്യപ്പെട്ടിരിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനുവേണ്ടി വരുന്ന സമയവും ജോലിയും തൻമൂലം ഉണ്ടായേക്കാവുന്ന പ്രയോജനത്തിനു് അനുരൂപമായിരിക്കുമെന്നു ഗവണ്മെണ്ടു് കരുതുന്നില്ല. എന്നാൽ അടുത്തുതന്നെ പ്രസിദ്ധപ്പെടുത്തുന്ന സിവിൽലിസ്റ്റിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly